പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1788 06.03.2017-ലെ മറുപടിക്ക്

**നെയ്യാറ്റിൻകര കെ.എസ്.ആർ.ടി.സി. ഡീസൽ ടാങ്ക്**

ചോദ്യം

ശ്രീ. കെ. ആൻസലൻ

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെയ്യാറ്റിൻകര കെ.എസ്.ആർ. ടി.സി. ബസ്സ് ഡിപ്പോയിൽ പുതിയ മന്ദിരനിർമ്മാണവുമായി ബന്ധപ്പെട്ട് മാറ്റി സ്ഥാപിക്കപ്പെട്ട ഡീസൽ ടാങ്ക് കഴിഞ്ഞ ഒന്നര വർഷമായി പുന;സ്ഥാപിച്ചിട്ടില്ലാത്തതു മൂലം മറ്റ് ഡിപ്പോകളിൽ പോയി ഡീസൽ നിറയ്ക്കേണ്ടി വരുന്നതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്ക് എതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) യും (ബ) യും | നെയ്യാറ്റിൻകര കെ.എസ്.ആർ.ടി.സി. ബസ്സ് ഡിപ്പോയിൽ പുതിയ മന്ദിര നിർമ്മാണവുമായി ബന്ധപ്പെട്ട് മാറ്റി സ്ഥാപിക്കപ്പെട്ട ഡീസൽ ടാങ്ക് പുന:സ്ഥാപിക്കുന്നതിനായി പ്രാഥമിക അനുമതി ചെന്നൈയിലുള്ള കൺട്രോളർ ഓഫ് എക്സ്പ്ലോസീവിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. പമ്പ് സ്ഥാപിക്കുന്നതിന് കളക്ടേറ്റിൽ നിന്നും ലഭിക്കേണ്ട 'NOC' ലഭിക്കുന്ന മുറയ്ക്ക് ഡീസൽ പമ്പ് സ്ഥാപിക്കുന്നതാണ്. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും വീഴ്ച ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഡീസൽ പമ്പ് പുന:സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ? | | |

സെക്ഷൻ ഓഫീസർ